"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. ഒ.എ. അബ്ദുൽ വാഹിദ് സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.79/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/01/2019**

---

പരാമർശം:- 1 സ.ഉ.(സാധാ) നം.3301/2014/തസ്വഭവ തീയതി 12.12.2014

2 ശ്രീ. ഒ.എ. അബ്ദുൽ വാഹിദ് സമർപ്പിച്ച 23.02.2016-ലെ അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 15.03.2016, 26.07.2018 എന്നീ തീയതികളിലെ ഡി7-16467/13 നമ്പർ കത്തുകൾ

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി പിരിച്ചെടുത്തത് യഥാസമയം തൊഴിൽ നികുതി രജിസ്റ്ററിൽ വരവ് വയ്ക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചയ്ക്ക് ഉത്തരവാദിയായ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ആയിരുന്ന ശ്രീ. ഒ.എ. അബ്ദുൽ വാഹിദിന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 6 മാസത്തേയ്ക്ക് തടഞ്ഞ് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. അബ്ദുൽ വാഹിദ് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരാമർശം (1) സർക്കാർ ഉത്തരവ് 16.03.2015-ന് ഇടവിലങ്ങ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും നേരിട്ട് കൈപ്പറ്റിയിട്ടുണ്ടെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) ഉത്തരവ് 16.03.2015-ന് കൈപ്പറ്റിയ ശ്രീ. അബ്ദുൽ വാഹിദ് 10 മാസങ്ങൾക്കു ശേഷമാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഈ കാലതാമസത്തിനു വ്യക്തമായ വിശദീകരണം നല്കാൻ അപേക്ഷകനു സാധിച്ചിട്ടുമില്ല. കെ.സി.എസ്.(സി.സി.&എ.) റൂൾസ് , റൂൾ-35 പ്രകാരം അപ്പീൽ സമർപ്പിക്കേണ്ട സമയപരിധി 2 മാസം ആണ്. ഈ സാഹചര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുവാൻ രണ്ട് മാസത്തിലധികം കാലതാമസം വന്നതിനാൽ അപ്പീൽ അപേക്ഷ പുനഃപരിശോധിക്കേണ്ടതില്ലായെന്നുകണ്ട് വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. ഒ.എ. അബ്ദുൽ വാഹിദ് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച്

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹനദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ഒ.എ. അബ്ദുൽ വാഹിദ്, മുൻ ക്ലാർക്ക്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/118/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ